41

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# നിർബന്ധിത നിക്ഷേപ പദ്ധതി (ആദായനികുതിദായകർ) ആക്റ്റ്, 1974

(1974 ആഗസ്റ്റ് 31-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# നിർബന്ധിത നിക്ഷേപപദ്ധതി (ആദായനികുതിദായകർ) ആക്ററ്, 1974

(1974 ആഗസ്ററ് 31-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# നിർബ്ബന്ധിത നിക്ഷേപ പദ്ധതി
# ആദായനികുതിദായകർ ആക്റ്റ്, 1974

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

1 ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2 നിർവ്വചനങ്ങൾ.
3 നിർബന്ധിത നിക്ഷേപങ്ങൾ ചെയ്യാൻ ബാദ്ധ്യസ്ഥരായ ആളുകൾ.
4 നിർബന്ധിത നിക്ഷേപം സംബന്ധിച്ചു വേണ്ടത്.
5 നിർബന്ധിത നിക്ഷേപം ചെയ്യാനുള്ള സമയം.
6 ചിലസംഗതികളിൽ നിർബന്ധിത നിക്ഷേപത്തിന് ആദായനികുതി ഉദ്യോഗസ്ഥനാലുള്ള ഉത്തരവ്.
7 നിർബന്ധിത നിക്ഷേപം സാധാരണ പലിശ വഹിക്കുമെന്ന്.
8 നിർബന്ധിത നിക്ഷേപം തിരിയെ കൊടുക്കുന്നത്.
9 നിർബന്ധിത നിക്ഷേപം സംബന്ധിച്ച് അറിവ് കൊടുക്കുന്നത്.
10 നിർബന്ധിത നിക്ഷേപം ചെയ്യാതിരിക്കുന്നതിനുള്ള ദണ്ഡനം
11 അധികാരസ്ഥാനങ്ങൾ.
12 അപ്പീലുകളും റിവിഷനും.
13 തെററുകൾ തിരുത്തൽ.
14 നിർബന്ധിത നിക്ഷേപവും ദണ്ഡനത്തുകയും പിരിക്കുന്നതും വസൂലാക്കുന്നതും.
15 പൂർണ്ണാങ്കമാക്കൽ.
16 ആദായനികുതി ആക്ററിലെ XV-ാം അദ്ധ്യായത്തിന്റെ ബാധകത.
17 ജപ്തിക്കെതിരായ സംരക്ഷണം.
18 ഉത്തമ വിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.
19 നിർബന്ധിത നിക്ഷേപ പദ്ധതി.
20 വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.
21 റദ്ദാക്കലും ഒഴിവാക്കലും.

# നിർബ്ബന്ധിത നിക്ഷേപപദ്ധതി (ആദായനികുതിദായകർ) ആക്റ്റ്, 1974

ദേശീയ സാമ്പത്തിക വികസനത്തിന്റെ താൽപര്യത്തിനുവേണ്ടി
ആദായനികുതിദായകരുടെ ചില വിഭാഗങ്ങളാലുള്ള
നിർബന്ധിത നിക്ഷേപത്തിനും അതു സംബ
ന്ധിച്ച് ഒരു പദ്ധതി തയ്യാറാക്കുന്ന
തിനും അതുമായി ബന്ധപ്പെ
ട്ടതോ അതിന് ആനുഷംഗിക
മായതോ ആയ വിഷയങ്ങൾക്കും
വ്യവസ്ഥ ചെയ്യുന്ന
തിനുള്ള ആക്റ്റ്

[1974 ആഗസ്റ്റ്, 31]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാം സംവൽസരത്തിൽ പാർല മെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .— (1) ഈ ആക്റ്റിന് നിർബന്ധിത നിക്ഷേപ പദ്ധതി (ആദായനികുതിദായകർ) ആക്റ്റ്, 1974 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1974 ജൂലൈ 17-ാം ദിവസം പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതാകുന്നു.

2. നിർവ്വചനങ്ങൾ .— ഈ ആക്റ്റിൽ സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, —

(ക) '' നിർബന്ധിത നിക്ഷേപ '' ത്തിന്, ഈ ആക്റ്റിൻ കീഴിലെ ''നിർബന്ധിത നിക്ഷേപം'' എന്നർത്ഥമാകുന്നു ;

(ഖ) '' നിക്ഷേപ''ത്തിന്, പണത്തിന്റെ നിക്ഷേപം എന്നർത്ഥമാകുന്നു ;

(ഗ) '' നിക്ഷേപക''ന് നിർബന്ധിത നിക്ഷേപം ചെയ്യാൻ ബാദ്ധ്യസ്ഥനായ ആൾ എന്നർത്ഥമാകുന്നു,

(ഘ) '' ആദായനികുതി ആക്റ്റ്'' ന് ആദായനികുതി ആക്റ്റ്, 1961 (1961–ലെ 43) എന്നർത്ഥമാകുന്നു;

(ങ) ഇതിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും ആദായനികുതി ആക്റ്റിൽ നിർവ്വചിക്കുകയും ചെയ്യുന്ന എല്ലാ വാക്കുകൾക്കും പദങ്ങൾക്കും യഥാക്രമം ആ ആക്റ്റിൽ അവയ്ക്കു നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. നിർബന്ധിത നിക്ഷേപങ്ങൾ ചെയ്യാൻ ബാദ്ധ്യസ്ഥരായ ആളുകൾ.— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കപ്പെടുന്ന ആളുകൾ, 1975 ഏപ്രിൽ 1-ാം ദിവസം ആരംഭിക്കുന്ന നികുതി ചുമത്തൽ വർഷത്തേയ്ക്കും 1976 ഏപ്രിൽ 1-ാം ദിവസം ആരംഭിക്കുന്ന നികുതി ചുമത്തൽവർഷയ്ത്തേക്കും നിർബന്ധിത നിക്ഷേപങ്ങൾ ചെയ്യാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ആളുകൾ താഴെ പറയുന്നവരാണ്, അതായത്.—

(ക) (i) ഇൻഡ്യൻ പൗരനായ ഒരു വ്യക്തിയോ ;

(ii) ഒരു അവിഭക്ത ഹിന്ദു കുടുംബമോ ;

(iii) ഏതു ആദായം സംബന്ധിച്ചാണോ മുറപ്രകാരം ഒപ്പിട്ടുപൂർത്തീകരിക്കപ്പെട്ട ലിഖിതമായ ഒരു പ്രമാണത്തിൽ, അതു മരണപത്രമായതോ അല്ലാത്തതോ [മുസൽമാൻ വക്കഫ് ആക്റ്റ്, 1913 (1913-ലെ 6)-ൻ കീഴിൽ സാധുവായ ഏതെങ്കിലും വക്കഫ് പത്രം ഉൾപ്പെടെ] ആയാലും പ്രഖ്യാപിക്കപ്പെട്ട ഒരു ട്രസ്റ്റിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു ട്രസ്റ്റി പ്രതിനിധിയായി നികുതി ചുമത്തുന്നവൻ എന്ന നിലയിൽ ആദായനികുതിക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നത്, ആ ആദായമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും ഒററ ആൾക്കുവേണ്ടിയോ ഒററ ആളുടെ ഗുണത്തിനായോ വിനിർദിഷ്ടമായവിധം സ്വീകരിക്കാവുന്നതല്ലാത്തതായിരിക്കുകയോ, അല്ലെങ്കിൽ ഏതു ആളുകൾക്കുവേണ്ടിയോ ആളുകളുടെ ഗുണത്തിനായോ ആണ്, അങ്ങനെയുള്ള ആദായമോ അതിന്റെ ഭാഗമോ സ്വീകരിക്കാവുന്നതായിരിക്കുന്നത്, ആ ആളുകളുടെ ഒററയ്ക്കുള്ള ഓഹരികൾ അനിശ്ചിതമോ അജ്ഞാതമോ ആയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ട്രസ്റ്റിയോ ആയ ഏതൊരാളും ;

(ഖ) ഒരു വ്യക്തിയുടേയോ ഹിന്ദു അവിഭക്ത കുടുംബത്തിന്റേയോ (ക) ഖണ്ഡത്തിൽ വിനിർദേശിച്ച ട്രസ്റ്റിയുടേയോ ആകെ ആദായം സംബന്ധിച്ച് ആദായനികുതി ആക്റ്റിൻകീഴിൽ നികുതി ചുമത്തപ്പെടാവുന്ന ഏതൊരാളും.

4. നിർബന്ധിത നിക്ഷേപം സംബന്ധിച്ചു വേണ്ടത്.— 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു നികുതി ചുമത്തൽ വർഷം സംബന്ധിച്ച് ഒരു വ്യക്തിയുടേയോ ഹിന്ദു അവിഭക്ത കുടുംബത്തിന്റേയോ, അല്ലെങ്കിൽ ആ വകുപ്പ് (2)-ാം ഉപവകുപ്പു (ക) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു ട്രസ്റ്റിയോ ആയ ഏതെങ്കിലും ആളുടെ നടപ്പാദായം, പതിനായ്യായിരം രൂപയിൽ കവിയുന്നിടത്ത്, അങ്ങനെയുള്ള ആളോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ ആകെ ആദായം സംബന്ധിച്ച് മറേറതെങ്കിലും ആൾ ആദായനികുതി ആക്റ്റിൻ കീഴിൽ നികുതി ചുമത്തപ്പെടാവുന്നവനാണെങ്കിൽ അപ്രകാരം നികുതി ചുമത്തപ്പെടാവുന്ന ആളോ, ഈ ആക്റ്റിന്റേയും അതിൻ കീഴിൽ തയ്യാറാക്കുന്ന ഏതെങ്കിലും പദ്ധതിയുടേയും വ്യവസ്ഥകൾക്ക് അനുസൃതവും വിധേയവുമായും, പട്ടികയിൽ വിനിർദ്ദേശിക്കുന്ന നിരക്കിൽ ആ നികുതി ചുമത്തൽ വർഷത്തേക്ക് ഒരു നിർബന്ധിത നിക്ഷേപം ചെയ്യേണ്ടതാകുന്നു.

(2) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദേശിച്ച ഏതെങ്കിലും ആളുടെ സംഗതിയിൽ, കൂടുതൽ ഉപലബ്ധികൾ (നിർബന്ധിതനിക്ഷേപം) ആർഡിനൻസ്, 1974 (1974-ലെ 8)-ൻ കിഴിൽ ഒരു കിഴിവു വേണ്ടതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആൾ ഈ ആക്ററിൻ കീഴിൽ ഏതെങ്കിലും നികുതി ചുമത്തൽ വർഷത്തേയ്ക്കു കൊടുക്കാൻ ബാദ്ധ്യസ്ഥമായ നിർബന്ധിത നിക്ഷേപത്തുക ആ നികുതി ചുമത്തൽ വർഷത്തിനു തൊട്ടുമുമ്പുള്ള സാമ്പത്തികവർഷത്തേയ്ക്ക് ആ ആർഡിനൻസിൻ കിഴിൽ കിഴിവു ചെയ്ത തുകയോളം കുറവുചെയ്യുന്നതാണ്; അങ്ങനെയുള്ള കിഴിവു അങ്ങനെയുള്ള നിർബന്ധിതനിക്ഷേപത്തുകയ്ക്കു തുല്യമായിരിക്കുകയോ അതിൽ കവിയുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ആൾ നികുതി ചുമത്തൽ വർഷത്തിൽ നിർബന്ധിതനിക്ഷേപം ചെയ്യേണ്ട ആവശ്യമില്ലാത്തതും ആകുന്നു.

വിശദീകരണം.— ഏതെങ്കിലും കേന്ദ്ര ആക്ററ് കൂടുതൽ ഉപലബ്ധികൾ (നിർബന്ധിതനിക്ഷേപം) ആർഡിനൻസ്, 1974 (1974-ലെ 8)-നെ റദ്ദാക്കുകയും (രൂപഭേദങ്ങളോടുകൂടിയോ കൂടാതെയോ) തൽസ്ഥാനത്തു വരികയും ചെയ്യുമ്പോൾ, ഓർഡിനൻസിനെക്കുറിച്ചുള്ള ഈ വകുപ്പിലെ പരാമർശനങ്ങൾക്കു അങ്ങനെയുള്ളകേന്ദ്ര ആക്ററിനെക്കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഒരു നികുതി ചുമത്തൽ വർഷം സംബന്ധിച്ച്, "നടപ്പ് ആദായ" ത്തിന്,—

(ക) ആദായ നികുതി ഉദ്യോഗസ്ഥൻ, ആ നികുതി ചുമത്തൽവർഷത്തിനു തൊട്ടുമുൻപുള്ള സമ്പാത്തികവർഷത്തിൽ മുൻകൂർ നികുതി കൊടുക്കാൻ ആ ആളോട് ആവശ്യപ്പെട്ടുകൊണ്ട് ആദായനികുതി ആക്ററിലെ 210-ാം വകപ്പു (1)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ ഉത്തരവു ചെയ തിരിക്കുകയും, ആ ആൾ ആ ആക്ററിലെ 212-ാം വകുപ്പ് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ (3ക) ഉപവകുപ്പിനോ കീഴിൽ മതിപ്പു കണക്ക് അയക്കാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ,—

(i) ഏത് ഒടുവിലത്തെ മുൻവർഷം സംബന്ധിച്ചാണോ ആ ആൾക്ക് ക്രമപ്രകാരമുള്ള നികുതി ചുമത്തൽവഴി നികുതി ചുമത്തിയിട്ടുള്ളത്, ആ വർഷത്തെ ആകെ ആദായം ആണ് ആ ആൾ കൊടുക്കേണ്ട മുൻകൂർ നികുതി കണക്കുകൂട്ടുന്നതിൻെറ അടിസ്ഥാനമെങ്കിൽ, [മൂലധനത്തിലെ നേട്ടങ്ങളും ആദായനികുതി ആക്ററിലെ 2-ാം വകുപ്പ് (24)-ാം ഖണ്ഡം (IX)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആദായവും ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള] അങ്ങനെയുള്ള ആകെ ആദായം ആ മുൻവർഷത്തിന് പ്രസക്തമായ നികുതി ചുമത്തൽ വർഷത്തേയ്ക്ക് ആദായനികുതി ചാർജ്ചെയ്യുന്ന ആവശ്യങ്ങൾക്കായി കണക്കിലെടുത്തിട്ടുള്ള അററ കാർഷികാദായം വല്ലതും ഉണ്ടെങ്കിൽ അതു ചേർത്ത് വർദ്ധിപ്പിച്ചത്;

അല്ലെങ്കിൽ

(ii) ഏതു മുൻവർഷത്തെ ആകെ ആദായത്തിൻെറ അടിസ്ഥാനത്തിലാണോ ആ ആൾ ആദായനികുതി ആക്ററ്, 140 ക വകുപ്പിൻകീഴിൽ ആദായനികുതികൊടുത്തിട്ടുള്ളത്, ആ ആകെ ആദായം ആണ് മുൻകൂർ നികുതി കണക്കുകൂട്ടുന്നതിനുള്ള അടിസ്ഥാനമെങ്കിൽ, [മൂലധനത്തിലെ നേട്ടങ്ങളും ആദായനികുതി ആക്ററിലെ 2-ാം വകുപ്പ് 24-ാം ഖണ്ഡം (ix)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആദായവും

ഒഴിച്ചുനിറുത്തികൊണ്ടുള്ള) അങ്ങനെയുള്ള ആകെ ആദായം ഒരു മുൻ വർഷത്തിലെ പ്രസക്തമായ നികുതി നിർണ്ണയിക്കുന്നതിനുവേണ്ടി ആദായത്തിൻെറ റിട്ടേണിൽ അയാറം കാണിച്ചിട്ടുള്ള അററ കാർഷികാദായം വല്ലതും ഉണ്ടെങ്കിൽ അതു ചേർത്തു വർദ്ധിപ്പിച്ചത് എന്നും;

(ഖ) ആ ആറം ആദായനികുതി ആക്ററിലെ 212-ാം വകുപ്പ് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ 3ക ഉപവകുപ്പിനോ കീഴിൽ മതിപ്പു കണക്ക് അയച്ചിട്ടുള്ള സംഗതിയിൽ (മൂലധനത്തിലെ നേട്ടങ്ങളും ആദായനികുതി ആക്ററ് 2-ാം വകുപ്പ് (24)-ാം ഖണ്ഡം (IX)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആദായവും ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള) അയാറം മതിച്ചപ്രകാരമുള്ള ആ നികുതി ചുമത്തൽവർഷത്തിന് മുൻവർഷം ആയിരിക്കുന്ന കാലത്തെ ആകെ ആദായം അയാറം മതിച്ചപ്രകാരമുള്ള ആ കാലത്തെ അററ കാർഷികാദായം വല്ലതുമുണ്ടെങ്കിൽ അതു ചേർത്തു വർദ്ധിപ്പിച്ചത് എന്നും;

(ഗ) മറേറതെങ്കിലും സംഗതിയിൽ, ആ നികുതി ചുമത്തൽ വർഷത്തിന് മുൻവർഷമായിരിക്കുന്ന കാലത്തെ ആ ആറംമതിച്ചപ്രകാരമുള്ള അയാളുടെ ആകെ ആദായം, അയാളുടെ സംഗതിയിൽ ആദായനികുതി ചാർജ് ചെയ്യാവുന്ന തല്ലാത്ത പരമാവധി തുക കവിയുന്നുവെങ്കിൽ, (മൂലധനത്തിലെ നേട്ടങ്ങളും ആദായനികുതി ആക്ററിലെ 2-ാം വകുപ്പ് (24-ാം) ഖണ്ഡം (ix)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആദായവും ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള) അങ്ങനെയുള്ള ആകെ ആദായം മതിച്ചപ്രകാരമുള്ള ആ കാലത്തെ അററ കാർഷികാദായം വല്ലതും ഉണ്ടെങ്കിൽ അതു ചേർത്ത് വർദ്ധിപ്പിച്ചത് എന്നും;

അർത്ഥമാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൽ ''അററ കാർഷികാദായ'' ത്തിന്, പ്രസക്തവർഷത്തിലെ ധനകാര്യ ആക്ററിൽ നിർവ്വചിച്ചപ്രകാരമുള്ള അററ കാർഷികാദായം എന്നർത്ഥമാകുന്നു.

5. നിർബന്ധിതനിക്ഷേപം ചെയ്യാനുള്ള സമയം.—നിക്ഷേപകൻ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു നികുതിചുമത്തൽ വർഷത്തേക്കുള്ള നിർബന്ധിതനിക്ഷേപം,—

(ക) അങ്ങനെയുള്ള നിക്ഷേപകൻ ആ നികുതി ചുമത്തൽ വർഷത്തിനുതൊട്ടുമുമ്പുള്ള സാമ്പത്തികവർഷത്തിൽ ആദായനികുതി ആക്ററിൻകീഴിൽ മുൻകൂർ നികുതി കൊടുക്കേണ്ടതായിട്ടുള്ള സംഗതിയിൽ, ആ ആക്ററിലെ, അതതുസംഗതിപോലെ, 211-ാം വകുപ്പിലേയോ 212-ാം വകുപ്പ് (3ക) ഉപവകുപ്പിലേയോ വ്യവസ്ഥകറംക്കനുസൃതമായി അയാറം മുൻകൂർ നികുതിയുടെ ഒടുവിലത്തെഗഡു കൊടുക്കേണ്ട തീയതി കഴിയുന്നതിനു മുമ്പ് ഒന്നിച്ചൊരു തുകയായോ അയാളുടെ ഇഷ്ടാനുസരണമുള്ള ഗഡുക്കളായോ ഏതെങ്കിലും സമയത്ത്;

(ഖ) മറേറതെങ്കിലും സംഗതിയിൽ, ആ നികുതി ചുമത്തൽ വർഷത്തിനുതൊട്ടുമുൻപുള്ള സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ്(ഒന്നിച്ചൊരു തുകയായോ അയാളുടെ ഇഷ്ടാനുസരണമുള്ള ഗഡുക്കളായോ) ഏതെങ്കിലും സമയത്ത്

ചെയ്യേണ്ടതാണ്.

6. ചിലസംഗതികളിൽ നിർബന്ധിതനിക്ഷേപത്തിന് ആദായനികുതി ഉദ്യോഗസ്ഥനാലുള്ള ഉത്തരവ്.—(1) 3-ാം വകുപ്പ് (1)-ം ഉപവകുപ്പിൽ പരാമർശിച്ച ഒരു നികുതിചുമത്തൽവർഷം സംബന്ധിച്ച്, 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ വരുന്ന ഒരാളുടെ ശരിയായ ആദായം

പതിനയ്യായിരം രൂപയിൽ കവിയുകയും അങ്ങനെയുള്ള ആരം ആ നികുതി ചുമത്തൽ വർഷത്തേക്ക് നിർബന്ധിതനിക്ഷേപം ചെയ്യാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആദായനികുതി ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള ആരം അയാളുടെ ശരിയായ ആദായം സംബന്ധിച്ചനിർബന്ധിതനിക്ഷേപം ചെയ്യേണ്ടതാണെന്നു ലിഖിതമായ ഉത്തരവുവഴി നിദേശിക്കേണ്ടതാകുന്നു.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങരംക്ക്, ഒരു നികുതി ചുമത്തൽവർഷം സംബന്ധിച്ച ഒരാളുടെ "ശരിയായ ആദായം" എന്നാൽ—

(i) ആ ആരം ആദായനികുതി ആക്ററിലെ 139-ാം വകുപ്പിൻകീഴിൽ ആദായത്തിന്റെ റിട്ടേൺ കൊടുത്തിട്ടുള്ള സംഗതിയിൽ (മൂലധനത്തിലെ നേട്ടങ്ങളും ആദായനികുതി ആക്ററിലെ 2-ാം വകുപ്പ് (24)-ാം ഖണ്ഡം (ix)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആദായവും ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള) അയാരം റിട്ടേണിൽ കാണിച്ച ആകെ ആദായം, അയാരം റിട്ടേണിൽ കാണിച്ച അററകാർഷികാദായം വല്ലതുമുണ്ടെങ്കിൽ, അത് ചേർത്ത് വർദ്ധിപ്പിച്ചത് എന്നും;

(ii) ആ ആരം ആദായനികുതി ആക്ററിലെ 139-ാം വകുപ്പിൻകീഴിൽ ആദായത്തിന്റെ റിട്ടേൺ കൊടുക്കാതിരിക്കുകയും നികുതി ചുമത്തൽ ആ ആക്ററിലെ 144-ാം വകുപ്പിൻകീഴിൽ ചെയ്യുകയും ചെയ്ത സംഗതിയിൽ (മൂലധനത്തിലെ നേട്ടങ്ങളും ആദായനികുതി ആക്ററിലെ 2-ാം വകുപ്പ് 24-ാം ഖണ്ഡം (ix)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആദായവും ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള) നികുതി ചുമത്തലിൻമേൽ നിശ്ചയിക്കപ്പെട്ട ആകെ ആദായം, നികുതി ചുമത്തലിൻമേൽ നിശ്ചയിക്കപ്പെട്ട അററകാർഷികാദായം വല്ലതും ഉണ്ടെങ്കിൽ അത് ചേർത്തു വർദ്ധിപ്പിച്ചത് എന്നും;

അർത്ഥമാകുന്നു.

വിശദീകരണം —ഈ ഉപവകുപ്പിൽ, "അററ കാർഷികാദായം" എന്നതിന്, 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വിശദീകരണത്തിൽ അതിനു കൊടുത്തഅർത്ഥം ഉണ്ടായിരിക്കുന്നതാണ്.

7. നിർബന്ധിതനിക്ഷേപം സാധാരണ പലിശവഹിക്കുമെന്ന്.—(1) നിക്ഷേപകൻ ചെയ്യുന്നതോ അയാളിൽനിന്ന് വസൂലാക്കുന്നതോ ആയ ഏതൊരു നിർബന്ധിതനിക്ഷേപവും ബാങ്ക്നിക്ഷേപനിരക്കിന് തുല്യമായ നിരക്കിൽ പലിശ വഹിക്കുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ "ബാങ്ക്നിക്ഷേപനിരക്ക്" എന്നാൽ, ബാങ്കിങ്ങ് ക്രമപ്പെടുത്തൽ ആക്ററ്, 1949 (1949-ലെ 10)-ൻ കീഴിൽ റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യ ബാങ്കിങ്ങ് കമ്പനികരംക്ക് നല്കുന്നതോസാമാന്യമായി പുറപ്പെടുവിക്കുന്നതോ ആയ നിദേശങ്ങരം അനുസരിച്ച് വ്യത്യസ്തതാം പട്ടിക ബാങ്കുകരം (സേവിങ്സ് അക്കൗണ്ടിൽവച്ചുപോരുന്നതോ ധർമ്മസ്ഥാപനങ്ങളോ മതസ്ഥാപനങ്ങളോ വച്ചുപോരുന്നതോ അല്ലാത്ത) വ്യത്യസ്തതരം നിക്ഷേപങ്ങളിൻമേൽ കൊടുക്കാവുന്ന പരമാവധി നിരക്കുകളിൽ ഏററവും കൂടിയത് എന്നർത്ഥമാകുന്നു.

(2) പലിശ 19-ാം വകുപ്പിൻകീഴിൽ തയ്യാറാക്കുന്ന പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ കണക്കാക്കേണ്ടതാകുന്നു.

(3) ആദായനികുതി ആക്ററ്, 80-ാം വകുപ്പിൻ കീഴിലെ കിഴിവിന്റെ ആവശ്യങ്ങരംക്ക് നിർബന്ധിത നിക്ഷേപത്തിൻമേൽ കിട്ടുന്ന പലിശ ബാങ്കിങ്ങ് ക്രമപ്പെടുത്തൽ ആക്ററ്, 1949 (1949-ലെ 10) ബാധകമാകുന്ന ഒരു ബാങ്കിങ്ങ് കമ്പനിയിലെ നിക്ഷേപത്തിൻമേൽ കിട്ടുന്ന പലിശയായി കരുതപ്പെടുന്നതാകുന്നു.

8. നിർബന്ധിതനിക്ഷേപം തിരിയെ കൊടുക്കുന്നത്.—ഏതെങ്കിലും സാമ്പത്തിക വർഷത്തിൽ നിക്ഷേപകൻ ചെയ്യുന്നതോ അയാളിൽ നിന്നു വസൂലാക്കുന്നതോ ആയ നിർബന്ധിത നിക്ഷേപത്തിന്റെ, അതതുസംഗതിപോലെ, നിർബന്ധിത നിക്ഷേപത്തിന്റെ കൊടുക്കുവാൻ ബാക്കിയുള്ള മുൻ തുകയിൻമേലോ ബാക്കിയിൻമേലോ കൊടുക്കാനുള്ള പലിശസഹിതം ആ സാമ്പത്തികവർഷത്തിന്റെ അവസാനംതൊട്ടു രണ്ടുവർഷം കഴിയുന്നതു മുതൽ ആരംഭിക്കുന്ന അഞ്ചു തുല്യവാർഷിക ഗഡുക്കളായി തിരിയെ കൊടുക്കേണ്ടതായിരിക്കുന്നതാണ്.

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും നിക്ഷേപമോ അതിന്റെ ഏതെങ്കിലും ഗഡുവോ, കൊടുക്കാനുള്ള പലിശസഹിതം അതിനുമുൻപേ തിരിയെ കൊടുക്കാത്തപക്ഷം, അങ്ങേയററത്തെ കഷ്ടപ്പാട് ഉണ്ടാക്കുമെന്നു ബോദ്ധ്യമാകുന്ന ഏതെങ്കിലും സംഗതിയിൽ, ആദായനികുതി ഉദ്യോഗസ്ഥൻ അങ്ങനെ തിരിയെ കൊടുക്കുന്നതിനെ തടയുന്നതല്ല.

9. നിർബന്ധിതനിക്ഷേപം സംബന്ധിച്ച് അറിവുകൊടുക്കുന്നത്.—ഏതൊരു നിക്ഷേപകനും, താൻ നിർബന്ധിത നിക്ഷേപം ചെയ്യാൻ ബാദ്ധ്യസ്ഥനായ നികുതി ചുമത്തൽ വർഷത്തേയ്ക്കുള്ള ആദായ റിട്ടേണിനോടൊപ്പം, അങ്ങനെയുള്ള നിക്ഷേപം ചെയ്തിട്ടുണ്ടെന്ന വസ്തുത തെളിയിക്കുന്ന ലക്ഷ്യവും ആദായനികുതി ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതാകുന്നു.

10. നിർബന്ധിതനിക്ഷേപം ചെയ്യാതിരിക്കുന്നതിനുള്ള ദണ്ഡനം.—(1) നിർബന്ധിത നിക്ഷേപം ചെയ്യാൻ ബാദ്ധ്യസ്ഥനും [4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോ കീഴിൽ വരുന്നവനും] ആയ ഏതെങ്കിലും ആൾ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു നികുതി ചുമത്തൽ വർഷം സംബന്ധിച്ച്—

(ക) 5-ാം വകുപ്പിൻകീഴിൽ അനുവദിച്ച സമയത്തിനുള്ളിൽ നിർബന്ധിത നിക്ഷേപം ചെയ്യാതിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സമയത്തിനുള്ളിൽ നിർബന്ധിത നിക്ഷേപം ചെയ്തിരിക്കുകയും, എന്നാൽ അപ്രകാരം ചെയ്ത നിക്ഷേപം വേണ്ട തുകയിൽ കുറവായിരിക്കുകയും ചെയ്യുകയോ;

ചെയ്യുന്നുവെങ്കിൽ ആദായനികുതി ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ആൾ—

(i) (ക) ഖണ്ഡത്തിൽ പരാമർശിച്ച സംഗതിയിൽ, അയാൾ ചെയ്യാൻ ബാദ്ധ്യസ്ഥമായ നിർബന്ധിത നിക്ഷേപത്തിന്റെ ഇരുപത്തഞ്ചുശതമാനത്തിന് തുല്യമായിരിക്കുകയും;

(ii) (ഖ) ഖണ്ഡത്തിൽ പരാമർശിച്ച സംഗതിയിൽ, അയാൾ ചെയ്ത നിർബന്ധിത നിക്ഷേപം വേണ്ട തുകയിൽ എത്രയ്ക്കു കുറവാണോ അത്രയും തുകയുടെ ഇരുപത്തഞ്ചുശതമാനത്തിന് തുല്യമായിരിക്കുകയും,

ചെയ്യുന്ന തുക ദണ്ഡനമായി കൊടുക്കേണ്ടതാണെന്നു ലിഖിതമായ ഉത്തരവുവഴി നിദേശിക്കേണ്ടതാകുന്നു.

(2) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഒരു നികുതി ചുമത്തൽ വർഷം സംബന്ധിച്ച് 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ വരുന്ന ഒരാളുടെ ശരിയായ ആദായം, പതിനയ്യായിരം രൂപയിൽ കവിയുകയും, അങ്ങനെയുള്ള ആൾ—

(ക) 5-ാം വകുപ്പിൻകീഴിൽ അനുവദിച്ച സമയത്തിനുള്ളിൽ നിർബന്ധിത നിക്ഷേപം ചെയ്യാതിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സമയത്തിനുള്ളിൽ തന്റെ സ്വന്തം മതിപ്പിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത നിക്ഷേപം ചെയ്തിരിക്കുകയും, എന്നാൽ അപ്രകാരം ചെയ്ത നിക്ഷേപം, അയാളുടെ ശരിയായ ആദായത്തിന്റെ അടിസ്ഥാനത്തിൽ അയാൾ ചെയ്യാൻ ബാദ്ധ്യസ്ഥമാകുമായിരുന്ന നിർബന്ധിത നിക്ഷേപത്തിന്റെ എഴുപത്തഞ്ചുശതമാനത്തിൽ കുറവായിരിക്കുകയോ;

ചെയ്യുന്നുവെങ്കിൽ, ആദായനികുതി ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ആൾ—

(i) (ക) ഖണ്ഡത്തിൽ പരാമർശിച്ച സംഗതിയിൽ, അയാളുടെ ശരിയായ ആദായത്തിൻമേൽ കണക്കാക്കിയ നിർബന്ധിത നിക്ഷേപത്തിന്റെ ഇരുപത്തഞ്ചുശതമാനത്തിനു തുല്യമായിരിക്കുകയും;

(ii) (ഖ) ഖണ്ഡത്തിൽ പരാമർശിച്ച സംഗതിയിൽ അയാൾ ചെയ്ത നിർബന്ധിത നിക്ഷേപം അയളുടെ ശരിയായ ആദായത്തിൻമേൽ കണക്കാക്കിയ നിർബന്ധിത നിക്ഷേപത്തിലും എത്രയ്ക്കു കുറവാണോ അത്രയും തുകയുടെ ഇരുപത്തഞ്ചുശതമാനത്തിനു തുല്യമായിരിക്കുകയും, ചെയ്യുന്ന തുക ദണ്ഡനമായി കൊടുക്കേണ്ടതാണെന്ന് ലിഖിതമായ ഉത്തരവു വഴി നിദേശിക്കേണ്ടതാകുന്നു.

വിശദീകരണം.— ഈ ഉപവകുപ്പിൽ, "ശരിയായ ആദായ"ത്തിന് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ അതിനു നല്കിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

(3) ഏതെങ്കിലും ആൾക്കെതിരായി ഈ വകുപ്പിൻ കീഴിൽ ദണ്ഡനം ചുമത്തുന്ന യാതൊരു ഉത്തരവും, അങ്ങനെയുള്ള ആൾക്ക് പറയാനുള്ളതു കേട്ടതിനുശേഷമോ, പറയാൻ ന്യായമായ അവസരം കൊടുത്തതിനുശേഷമോ അല്ലാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

11. അധികാരസ്ഥാനങ്ങൾ.— (1) ഏതൊരു ഇൻസ്പെക്ഷൻ ഡയറക്ടർക്കും ആദായനികുതി കമ്മീഷണർക്കും ആദായനികുതിഅഡിഷണൽകമ്മീഷണർക്കും ആദായനികുതി അപ്പ്ലേററ് അസിസ്ററൻറ് കമ്മീഷണർക്കും ആദായനികുതി ഇൻസ്പെക്ററിംഗ് അസിസ്ററൻസ് കമ്മിഷണർക്കും ആദായനികുതി ഉദ്യോഗസ്ഥനും ആദായനികുതി ഇൻസ്പെക്ററർക്കും ഈ ആക്ററിൻ കീഴിൽ, തനിക്ക് ആദായനികുതി ആക്ററിൻ കീഴിൽ ഉള്ള അധികാരങ്ങൾക്ക് സദൃശമായ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, അവർ ആ ആക്ററിൻകീഴിൽ നിർവ്വഹിക്കുന്ന ചുമതലകൾക്ക് സദൃശമായ ചുമതലകൾ നിർവ്വഹിക്കേണ്ടതും തന്റെ അധികാരങ്ങൾ പ്രായോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഈ ആക്ററിൻകീഴിലെ തന്റെ അധികാരിത ആദായനികുതി ആക്ററിൻകീഴിൽ തനിക്ക് ഉള്ളത് തന്നെ ആയിരിക്കുന്നതും, ഈ ആവശ്യത്തിലേയ്ക്ക് ഈ ആക്ററിൻകീഴിലെ നിർബന്ധിത നിക്ഷേപം ആ ആക്ററിൻകീഴിൽ ചാർജ്ജ്ചെയ്യാവുന്ന നികുതിയായി കരുതപ്പെടുന്നതും ആകുന്നു.

(2) ഈ ആക്ററിന്റെ നിർവഹണത്തിന് നിയോജിക്കപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും, ബോർഡിന്റെ ഉത്തരവുകളും ആദേശങ്ങളും നിദേശങ്ങളും പാലിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ആദേശവും അല്ലെങ്കിൽ നിദേശവും

(ക) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും അധികാരസ്ഥാനത്തോട് ഒരു പ്രത്യേക കേസ് ഒരു പ്രത്യേകരീതിയിൽ തീർപ്പാക്കാൻ ആവശ്യപ്പെടുന്നവിധത്തിലോ; അല്ലെങ്കിൽ

(ഖ) തന്റെ ചുമതലകൾ നിർവഹിക്കുന്നതിന് അപ്പലേററ് അസിസ്ററന്റ് കമ്മീഷണർ സ്വവിവേകം ഉപയോഗിക്കുന്നതിൽ ഇടപെടുന്ന വിധത്തിലോ;

പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) ഈ ആക്ററിന്റെ നിർവഹണത്തിന് നിയോജിക്കപ്പെടുന്ന ഏതൊരു ആദായനികുതി ഉദ്യോഗസ്ഥനും, താൻ തന്റെ ചുമതലകൾ നിർവഹിക്കുന്നത് ഏത് ഇൻസ്പെക്ഷൻ ഡയറക്ടരുടേയോ കമ്മീഷണരുടേയോ ഇൻസ്പെക്ററിങ്ങ് അസിസ്ററന്റ് കമ്മീഷണരുടേയോ അധികാരിതയിൻകീഴിലാണോ, ആ ഡയറക്ടറോ കമ്മിഷണറോ അസിസ്ററന്റ് കമ്മിഷണറോ, തന്റെ മാർഗ്ഗദർശനത്തിനായി പുറപ്പെടുവിക്കുന്ന ഉത്തരവുകളും ആദേശങ്ങളും നിദേശങ്ങളും പാലിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു.

12. <u>അപ്പീലുകളും റിവിഷനും.</u>— ആദായനികുതി ഉദ്യോഗസ്ഥന്റെ 10-ാം വകുപ്പിൻകീഴിൽ ദണ്ഡനം ചുമത്തുന്ന ഏതെങ്കിലും ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും നിക്ഷേപകന്, അപ്പലേററ് അസിസ്ററന്റ് കമ്മീഷണർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള ഉത്തരവു സംബന്ധിച്ച്, അപ്പീലുകളും റഫറൻസും റിവിഷനും സംബന്ധിച്ച ആദായനികുതി ആക്ററിലെ വ്യവസ്ഥകൾ, ആകുന്നത്ര, ആദായനികുതി ഉദ്യോഗസ്ഥന്റെ ആ ആക്ററിലെ 221-ാം വകുപ്പിൻകീഴിൽ ദണ്ഡനം ചുമത്തുന്ന ഉത്തരവു സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

13. <u>തെററുകൾ തിരുത്തൽ.</u>— (1) റിക്കാർഡിൽനിന്ന് പ്രത്യക്ഷമാകുന്ന ഏതെങ്കിലും തെററു തിരുത്തുന്ന ലക്ഷ്യത്തോടെ, അപ്പലേററ് അസിസ്ററന്റ് കമ്മിഷണർക്കും, കമ്മീഷണർക്കും അപ്പലേററ് ട്രിബ്യൂണലിനും സ്വയമേവ അല്ലെങ്കിൽ നിക്ഷേപകന്റെ ഇതിലേക്കുള്ള അപേക്ഷയിന്മേൽ ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും നടപടിയിൽ താനോ ട്രിബ്യൂണലോ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവ്, പാസ്സാക്കിയ തീയതി മുതൽ നാലുവർഷത്തിനുള്ളിൽ, ഭേദഗതിചെയ്യാവുന്നതാണ്.

(2) നിർബന്ധിതനിക്ഷേപമോ ഈ ആക്ററിൻ കീഴിൽ ചുമത്തുന്ന ഏതെങ്കിലും ദണ്ഡനമോ വർദ്ധിപ്പിക്കുന്ന പ്രഭാവമുള്ള ഒരു ഭേദഗതി ബന്ധപ്പെട്ട അധികാരസ്ഥാനം, ആ ഭേദഗതി ചെയ്യാനുള്ളഅതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് നിക്ഷേപകന് നോട്ടീസ് കൊടുക്കുകയും അയാൾക്ക് പറയാനുള്ളതു പറയാൻ ന്യായമായ അവസരം അനുവദിക്കുകയും ചെയ്തിട്ടില്ലാത്ത പക്ഷം, ഈ വകുപ്പിൻ കീഴിൽ ചെയ്യപ്പെടാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിൻ കീഴിൽ ഒരു ഭേദഗതി ചെയ്യപ്പെടുന്നിടത്ത് ഉത്തരവ് ബന്ധപ്പെട്ട അധികാരസ്ഥാനം ലിഖിതമായി പാസ്സാക്കേണ്ടതാകുന്നു.

(4) അങ്ങനെയുള്ള ഭേദഗതിക്ക് നിർബന്ധിത നിക്ഷേപമോ ഈ ആക്ററിൻകീഴിൽ ചുമത്തുന്ന ദണ്ഡനമോ വർദ്ധിപ്പിക്കുന്ന പ്രഭാവമുള്ളിടത്ത്, നിക്ഷേപിക്കേണ്ടതോ കൊടുക്കേണ്ടതോ ആയ തുക വിനിർദ്ദേശിക്കുന്ന ഒരു നോട്ടീസ് ആദായനികുതി ഉദ്യോഗസ്ഥൻ നിക്ഷേപകന് നടത്തേണ്ടതാകുന്നു.

14. നിർബന്ധിത നിക്ഷേപവും ദണ്ഡനത്തുകയും പിരിക്കുന്നതും വസൂലാക്കുന്നതും.— (1) ഈ ആക്ററിൻകീഴിൽ പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവിന്റെ ഫലമായി ഏതെങ്കിലും നിർബന്ധിത നിക്ഷേപമോ ദണ്ഡനത്തുകയോ ചെയ്യുകയോ കൊടുക്കുകയോ ചെയ്യേണ്ടതായിരിക്കുമ്പോൾ, നിക്ഷേപിക്കേണ്ടതോ കൊടുക്കേണ്ടതോആയ തുക വിനിർദ്ദേശിക്കുന്ന ഒരു നോട്ടീസ് ആദായനികുതി ഉദ്യോഗസ്ഥൻ നിക്ഷേപകനു നടത്തേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ ഒരു നോട്ടീസ്സിൽ വിനിർദ്ദേശിക്കുന്ന തുക, നോട്ടീസ് നടത്തിയതിന്റെ മുപ്പത്തഞ്ചു ദിവസത്തിനുള്ളിൽ നോട്ടീസ്സിൽ പറഞ്ഞസ്ഥലത്ത്, അതതു സംഗതി പോലെ, നോട്ടീസ്സിൽ പറഞ്ഞയാളുടെ പക്കൽ നിക്ഷേപിക്കുകയോ അയാൾക്കു കൊടുക്കുകയോ ചെയ്യേണ്ടതാകുന്നു:

എന്നാൽ, നിക്ഷേപകൻ മുൻപറഞ്ഞ കാലാവധിയായ മുപ്പത്തഞ്ചു ദിവസം കഴിയുന്നതിനുമുൻപ് കൊടുക്കുന്ന അപേക്ഷയിൻമേൽ, ആദായനികുതി ഉദ്യോഗസ്ഥന് കേസ്സിന്റെ പരിതഃസ്ഥിതികളിൽ ചെയ്യാത്ത, ന്യായയുക്തമാണെന്നു തനിക്ക് തോന്നുന്ന ഉപാധികൾക്ക് വിധേയമായി നിക്ഷേപം ചെയ്യുന്നതിന്നോ പണം കൊടുക്കുന്നതിനോ ഉള്ള സമയം നീട്ടിക്കൊടുക്കുകയോ അല്ലെങ്കിൽ ഗഡുക്കളായി നിക്ഷേപിക്കുകയോ പണം കൊടുക്കുകയോ ചെയ്യാൻ അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

(3) നിക്ഷേപകൻ 5-ാം വകുപ്പിൻ കീഴിൽ അനുവദിക്കുന്ന സമയത്തിനുള്ളിൽ നിർബന്ധിത നിക്ഷേപം ചെയ്യാതിരിക്കുകയോ, അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൻകീഴിലെ നോട്ടീസ് തന്നോട് നിക്ഷേപിക്കാനോ കൊടുക്കുവാനോ ആവശ്യപ്പെടുന്ന തുക, (2)-ാം ഉപവകുപ്പിൻകീഴിൽ അനുവദിക്കുന്നസമയത്തിനുള്ളിൽ (അത് ആദ്യം നിശ്ചയിച്ചതോ നീട്ടികൊടുത്തപ്പോൾ നിശ്ചയിച്ചതോ ആയിരുന്നാലും) മുൻപറഞ്ഞ നോട്ടീസ്സിൽ പറഞ്ഞ സ്ഥലത്ത്, അതതുസംഗതിപോലെ, നോട്ടീസ്സിൽ പറഞ്ഞ ആളുടെ പക്കൽ നിക്ഷേപിക്കുകയോ അയാൾക്ക് കൊടുക്കുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, നിക്ഷേപകൻ വീഴ്ചവരുത്തിയതായി കരുതപ്പെടുന്നതാകുന്നു.

(4) നിർബന്ധിതനിക്ഷേപത്തിന്റെ ഏതെങ്കിലും കുടിശ്ശികയും ഈ ആക്ററിൻകീഴിൽ ചുമത്തുന്ന ഏതെങ്കിലും ദണ്ഡനത്തുകയും നികുതി കുടിശ്ശികകൾ വസൂലാക്കുന്നതിന് ആദായനികുതി ആക്ററിലെ XVII-ാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്ത രീതിയിൽ വസൂലാക്കപ്പെടാവുന്നതായിരിക്കുന്നതും, ഈ ആവശ്യത്തിന്, ആ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, നികുതി ചുമത്തപ്പെട്ട ആളെക്കുറിച്ചുള്ള അതിലെ പരാമർശങ്ങൾ നിക്ഷേപകനെക്കുറിച്ചുള്ള പരാമർശങ്ങൾ ആയിരുന്നാലെന്നപോലെ, ബാധമാകുന്നതും ആണ്.

15. പൂർണ്ണാങ്കമാക്കൽ.—(1) നടപ്പാദായത്തിന്റെയും ശരിയായ ആദായത്തിന്റെയും നിർബന്ധിതനിക്ഷേപത്തിന്റെയും തുക, തൊട്ടടുത്ത പത്തു രൂപയുടെ ഗുണിതമായി പൂർണ്ണാങ്കമാക്കേണ്ടതും, ഈ ആവശ്യത്തിന് രൂപയുടെ പൈസയായ ഏതു ഭാഗവും അവഗണിക്കുകയും അതിനുശേഷം

അങ്ങനെയുള്ള തുക പത്തു രൂപയുടെ ഗുണിതമല്ലാത്തപ്പോൾ ആ തുകയുടെ ഒടുവിലത്തെ അക്കം അഞ്ചോ അതിലധികമോ ആണെങ്കിൽ, പത്തിന്റെ ഗുണിതമായ അടുത്ത ഉയർന്ന തുകയായി വർദ്ധിപ്പിക്കുകയും ഒടുവിലത്തെ അക്കം അഞ്ചിൽ കുറവാണെങ്കിൽ പത്തിന്റെ ഗുണിതമായ അടുത്ത താഴ്ന്ന തുകയായി കുറയ്ക്കുകയും ചെയ്യേണ്ടതുമാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ 'നടപ്പ് ആദായ'ത്തിനും 'ശരിയായ ആദായ'ത്തിനും യഥാക്രമം 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലും 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിലും അവയ്ക്ക് നല്കിയ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ കൊടുക്കേണ്ട ദണ്ഡനത്തുക ഏറ്റവും അടുത്ത രൂപയായി പൂർണ്ണാങ്കമാക്കേണ്ടതും, ഈ ആവശ്യത്തിന് അങ്ങനെയുള്ള തുകയിൽ ഒരു രൂപയുടെ പൈസയായ ഭാഗം അടങ്ങിയിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഭാഗം അൻപതു പൈസയോ അതിലധികമോ ആണെങ്കിൽ, അതു ഒരു രൂപയായി വർദ്ധിപ്പിക്കേണ്ടതും, അങ്ങനെയുള്ളഭാഗം അൻപതു പൈസയിൽ കുറവാണെങ്കിൽ, അത് അവഗണിക്കേണ്ടതും ആകുന്നു.

16. ആദായനികുതി ആക്റ്റിലെ XV-ാം അദ്ധ്യായത്തിന്റെ ബാധകത — നിർബന്ധിതനിക്ഷേപവും ഈ ആക്റ്റിൻ കീഴിൽ ചുമത്താവുന്ന ദണ്ഡനങ്ങളും സംബന്ധിച്ച് പ്രത്യേക സംഗതികളിലെ ബാദ്ധ്യതകൾ സംബന്ധിച്ച ആദായനികുതി ആക്റ്റ് XV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ, ആകുന്നത്ര, ആ ആക്റ്റിൻകീഴിൽ കൊടുക്കേണ്ട ആദായനികുതിയും ചുമത്താവുന്ന ദണ്ഡനങ്ങളും സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

17. ജപ്തിക്കെതിരായ സംരക്ഷണം.—(1) ഏതെങ്കിലും നിക്ഷേപകന്റെ വരവുകണക്കിൽ നില്ക്കുന്ന നിർബന്ധിതനിക്ഷേപത്തുകയും അതിൻമേലുള്ള പലിശയും, നിക്ഷേപകന് നേരിടുന്ന ഏതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിയുടെ ഒരു വിധിക്കോ ഉത്തരവിനോ കീഴിൽ ജപ്തി ചെയ്യാവുന്നതല്ലാത്തതാണ്.

(2) നിക്ഷേപകന്റെ മരണസമയത്ത്, അയാളുടെ വരവുകണക്കിൽ നില്ക്കുന്നതും, അയാളുടെ നിർദ്ദിഷ്ട നാമാവിന് കൊടുക്കേണ്ടതുമായ നിർബന്ധനിക്ഷേപത്തുകയും, അതിൻമേലുള്ള പലിശയും, നിർദ്ദിഷ്ട നാമാവിൽ നിക്ഷിപ്തമാകുന്നതും, മരിച്ചുപോയ ആൾക്ക് നേരിട്ടതോ നിക്ഷേപകന്റെ മരണത്തിനുമുൻപ് നിർദ്ദിഷ്ടനാമാവിനു നേരിട്ടതോ ആയ കടത്തിൽ നിന്നോ മററു ബാദ്ധ്യതയിൽനിന്നോ വിമുക്തമായിരിക്കുന്നതും ആണ്.

18. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.— ഈ ആക്റ്റിലോ അതിൻകീഴിൽ തയ്യാറാക്കുന്ന ഏതെങ്കിലും പദ്ധതിക്കോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സംബന്ധിച്ച് ഗവൺമെൻറിനെതിരായോ ഗവൺമെൻറിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരായോ യാതൊരു വ്യവഹാരവും അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

19. നിർബന്ധിതനിക്ഷേപ പദ്ധതി.—(1) കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിർബന്ധിതനിക്ഷേപങ്ങൾ സംബന്ധിച്ച് നിർബന്ധിതനിക്ഷേപം (ആദായനികുതിദായകർ) പദ്ധതി അല്ലെങ്കിൽ പദ്ധതികൾ എന്ന് പേർപറയപ്പെടേണ്ട ഒരു പദ്ധതിയോ അല്ലെങ്കിൽ പദ്ധതികളോ തയ്യാറാക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കുന്ന പദ്ധതിക്ക്—

(ക) നിർബന്ധിതനിക്ഷേപങ്ങൾ ചെയ്യേണ്ടരീതിയ്ക്കും;

(ഖ) നിക്ഷേപങ്ങൾ ചെയ്തിട്ടുള്ള ആൾക്ക് അങ്ങനെയുള്ള നിക്ഷേപങ്ങളുടെ തെളിവായി നല്കേണ്ട രേഖകൾക്കും;

(ഗ) ഏത് അധികാരസ്ഥാനത്താലോ അധികാരസ്ഥാനത്തിലൂടെയോ നിക്ഷേപങ്ങൾ പിരിക്കാമെന്നുള്ളതിനും;

(ഘ) നിക്ഷേപകൻെറ വരവുകണക്കിൽ നില്ക്കുന്ന തുക, അയാൾ മരിക്കുന്നുവെങ്കിൽ വാങ്ങുന്നതിന് ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്യുന്നതിനും അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ മാററുകയോ ചെയ്യുന്നതിനും ;

(ങ) ഏതെങ്കിലും നിക്ഷേപത്തിൻെറ തെളിവായി നല്കുന്ന ഏതെങ്കിലും രേഖയുടെ അസ്സലിനു നഷ്ടമോ നാശമോ സംഭവിക്കുന്നുവെങ്കിൽ അതിൻെറ ഡ്യൂപ്ലിക്കേററ് നല്കുന്നതിനും, (രണ്ടുരൂപയിൽ കവിയാത്ത) എത്ര ഫീസ് കൊടുത്താലാണ് ഡ്യൂപ്ലിക്കേററ് നല്കാവുന്നത് എന്നതിനും;

(ച) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യകമായതോ ഉചിതമായതോ ആയ മറേറതെങ്കിലും വിഷയത്തിനും;
വ്യവസ്ഥചെയ്യാവുന്നതാണ്.

(3) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, (1)-ാം ഉപവകുപ്പിൻ കീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയോടു കൂട്ടിച്ചേർക്കുകയോ, അതു ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയ്ക്കോ (3)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും വിജ്ഞാപനത്തിന്നോ അതിൻെറ വ്യവസ്ഥകൾ എല്ലാവുമോ അവയിൽ ഏതെങ്കിലുമോ പദ്ധതിയിലോ വിജ്ഞാപനത്തിലോ ഇതിലേക്കായി വിനിർദ്ദേശിക്കുന്ന തീയതി മുൻകാലപ്രാബല്യത്തോടെയോ പിൻകാല പ്രാബല്യത്തോടെയോ പ്രഭാവത്തിൽ വരുന്നതാണെന്ന് വ്യവസ്ഥചെയ്യാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന പദ്ധതിയ്ക്കോ, (3)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും വിജ്ഞാപനത്തിന്നോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന (ഈ ആക്ററ് അല്ലാത്ത) ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും നിയമത്തിൻെറ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതൊരു പദ്ധതിയും (3)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും, അതു തയ്യാറാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വെയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ സമ്മേളനങ്ങൾക്കോ തൊട്ടുപിന്നീടുവരുന്ന സമ്മേളനം കഴിയുന്നതിനു മുൻപ് ഇരുസഭകളും ആ പദ്ധതിയിലോ വിജ്ഞാപനത്തിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ പദ്ധതിയോ വിജ്ഞാപനമോ തയ്യാറാക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ പദ്ധതിയോ വിജ്ഞാപനമോ തയ്യാറാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്യരുതെന്നതിലോ യോജിക്കുകയോ ചെയ്യുന്നെങ്കിൽ, അതിനുശേഷം ആ പദ്ധതിയ്ക്കോ വിജ്ഞാപനത്തിനോ, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ പദ്ധതിക്കോ വിജ്ഞാപനത്തിനോ കീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

20. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.—ഈ ആക്ററിലെ വ്യവസ്ഥകൾക്കു പ്രഭാവം നല്കുന്നതിൽ ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിനു, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്ത ഉത്തരവുവഴി, ആ വിഷമത നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്ററിൻെറ പ്രാരംഭം മുതൽ രണ്ടു വർഷക്കാലം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

21. റദ്ദാക്കലും ഒഴിവാക്കലും (1) നിർബന്ധിതനിക്ഷേപ പദ്ധതി (ആദായനികുതിദായകർ) ആർഡിനൻസ്, 1974 (1974-ലെ 10) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയെന്നിരുന്നാലും അപ്രകാരം റദ്ദാക്കപ്പെട്ട ആർഡിനൻസിൻെറ കീഴിൽ ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ററിലെ തൽസ്ഥാനീയവ്യവസ്ഥകൾക്കു കീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതാകുന്നു.

## പട്ടിക

[4 (1)-ാം വകുപ്പു നോക്കുക]

### നിർബന്ധിതനിക്ഷേപത്തിൻെറ നിരക്കുകൾ

| | |
|---|---|
| (1) നടപ്പ് ആദായം 15,000 രൂപയിൽ കവിയുകയും എന്നാൽ 25,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത്. | നടപ്പ് ആദായത്തിൻെറ 4 ശതമാനം |

| | | |
|---|---|---|
| (2) | നടപ്പ് ആദായം 25,000 രൂപയിൽ കവിയുകയും എന്നാൽ 70,000 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത്. | 1000 രൂപയും നടപ്പ് ആദായം 25000 രൂപയിൽ കവിയുന്ന തുകയുടെ 4 ശതമാനവും കൂട്ടിയത്. |
| (3) | നടപ്പ് ആദായം 70,000 രൂപയിൽ കവിയുന്നിടത്ത്. | 2700 രൂപയും നടപ്പ് ആദായം 70,000 രൂപയിൽ കവിയുന്ന തുകയുടെ 8 ശതമാനവും കൂട്ടിയത്: |

എന്നാൽ നടപ്പ് ആദായം 15,000 രൂപയിൽ കവിയുകയും, എന്നാൽ 15,620 രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത്, നിർബന്ധിതനിക്ഷേപം യാതൊരു സംഗതിയിലും നടപ്പ് ആദായം 15,000 രൂപയിൽ കവിയുന്ന തുകയിലും കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഏതെങ്കിലും നിക്ഷേപകന്റെ സംഗതിയിൽ, മുൻപറഞ്ഞ വ്യവസ്ഥകൾക്കനുസൃതമായി കണക്കാക്കിയ നിർബന്ധിത നിക്ഷേപത്തുക 100 രൂപയിൽ കുറയുന്നിടത്ത്, അയാൾ അങ്ങനെയുള്ള നിക്ഷേപം ചെയ്യുന്നത് ആവശ്യകമല്ല.

വിശദീകരണം —ഈ പട്ടികയിൽ, 'നടപ്പ് ആദായ'ത്തിന് 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ അതിനു നല്കിയ അർത്ഥമുണ്ടായിരിക്കുന്നതാണ്.